**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2412** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതു വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന്പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച്പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉൾപ്പെടെ **2021** ഏപ്രിൽ മുതൽ **2023** ജൂലൈ വരെ **130484** പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി **18677** എണ്ണം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **49967** എണ്ണം സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ **1246** എണ്ണം **Unsafe** ആയും **536** എണ്ണം **Substandard** ആയും **832** എണ്ണം **Misbranded** ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർ നിയമ നടപടികൾ ഉറപ്പാക്കിയിട്ടുള്ളതാണ്. ടി കാലയളവിൽ **17355** നോട്ടീസുകളും **9893** കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | പിഴയിനത്തിൽ ടി കാലയളവിൽ **4,10,54,850/-** രൂപ ഈടാക്കുകയും ചെയ്തു**.** പ്രസ്തുത കാലയളവിൽ **1413** അഡ്ജ്യൂഡിക്കേഷൻ കേസുകളും **939** പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി**.** |
| (ബി) | ഓപ്പറേഷൻ ഹോളിഡേ എന്ന പേരിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റ് ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധന നടത്തി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **2022** ക്രിസ്തുമസ് ന്യൂ ഇയർ ഉത്സവ സീസണുമായി ബന്ധപ്പെട്ട് **20/12/2022** മുതൽ **31/12/2022** വരെ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നടത്തിയ സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തനത്തിന്റെ ഭാഗമായി **28/12/2022** മുതൽ **30/12/2022** വരെയുള്ള മൂന്ന് ദിവസങ്ങളിൽ സംസ്ഥാനത്തെ ടൂറിസ്റ്റ് ഇടങ്ങൾ കേന്ദ്രീകരിച്ച നടത്തിയ പ്രത്യേക പരിശോധനയാണ് **'**ഓപ്പറേഷൻ ഹോളീഡേ**'.** ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ **1284** പരിശോധനകൾ നടത്തുകയും **147** സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസും **80** സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകുകയുണ്ടായി**.** പരിശോധനകളുടെ ഭാഗമായി **36** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **125** സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി**.**ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത **10** സ്ഥാപനങ്ങളുടെ പ്രവർത്തനം താത്കാലികമായി നിർത്തി വയ്പിക്കുകയും ചെയ്തു**.** |
| (സി) | ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും വൃത്തിഹീനമായ ചുറ്റുപാടിൽ ഭക്ഷണം തയാറാക്കുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പോർട്ടലിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും വൃത്തിഹീനമായ ചുറ്റുപാടിൽ ഭക്ഷണം തയാറാക്കുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പോർട്ടൽ (https://www.eatright.foodsafety.kerala.gov.in) 2023 മാർച്ച് 22 ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രസ്തുത പോർട്ടൽ പ്രവർത്തനസജ്ജമായതിനുശേഷം 597 പരാതികൾ പോർട്ടൽ വഴി ലഭ്യമായിട്ടുണ്ട്. ആയതിൽ 402 പരാതികൾ തീർപ്പാക്കിയിട്ടുള്ളതും ആയത് സംബന്ധിച്ചുള്ള വിവരം പരാതിക്കാരനെ നേരിട്ട് അറിയിച്ചിട്ടുള്ളതുമാണ്. ശേഷിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ഡി) | **2006** ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/ സംഭരണം/ വിതരണം/ വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്**.** പ്രതിവർഷം **12** ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും **12** ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ |

| | | | |
|---|---|---|---|
| | | | ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്.<br><br>**2021** ഏപ്രിൽ മുതൽ **2023** ജൂലൈ വരെ **130484** പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി **18677** എണ്ണം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **49967** എണ്ണം സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ **1246** എണ്ണം **Unsafe** ആയും **536** എണ്ണം **Substandard** ആയും **832** എണ്ണം **Misbranded** ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർ നിയമ നടപടികൾ ഉറപ്പാക്കിയിട്ടുണ്ട്. ടി കാലയളവിൽ **17355** എണ്ണം നോട്ടീസുകളും **9893** എണ്ണം കോമ്പൗണ്ടിംഗ് നോട്ടീസുകളും പിഴയിനത്തിൽ **4,10,54,850/-** രൂപ ഈടാക്കുകയും ചെയ്തു. പ്രസ്തുത കാലയളവിൽ **1413** എണ്ണം അഡ്ജ്യൂഡിക്കേഷൻ കേസുകളും **939** എണ്ണം പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കാലയളവിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിയ്ക്കുന്ന പ്രകാരം ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ പ്രവർത്തിയ്ക്കുന്നതോ, ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്തതോ ആയ **4617** സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തി വയ്പ്പിക്കുകയുണ്ടായി. |
| (ഇ) | ഭക്ഷ്യ സുരക്ഷാ പരിശോധനയുടെ ഭാഗമായി കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്; എത്ര സ്ഥാപനങ്ങൾ പൂട്ടിച്ചിട്ടുണ്ട്; എത്ര സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | ഭക്ഷ്യ സുരക്ഷാ പരിശോധനയുടെ ഭാഗമായി കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ **3058** സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും **3194** സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കുറ്റക്കാർക്കെതിരെ **432** അഡ്ജ്യൂഡിക്കേഷൻ കേസുകളും**, 285** പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ **2353** സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി പ്രവർത്തനം താൽക്കാലികമായി നിർത്തി വയ്പ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ